# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ആഗസ്റ്റ് 9, ബുധൻ

**നമ്പർ 82**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

പ്രത്യേക പരാമർശം:

ക്വിറ്റ് ഇന്ത്യ സമരത്തിന്റെ എഴുപത്തഞ്ചാം വാർഷികമായ ആഗസ്റ്റ് 9-ന്റെ ഓർമ്മ പുതുക്കിക്കൊണ്ടും സമരത്തിൽ മരണപ്പെട്ടവരെ സ്മരിച്ചുകൊണ്ടും സ്പീക്കർ പ്രത്യേക പരാമർശം നടത്തി.

അടിയന്തരപ്രമേയം:

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. ടി. വി. ഇബ്രാഹിമും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

KNPP.1154/2017(i)

<u>ശ്രദ്ധക്ഷണിക്കൽ:</u>

(1) നിർദ്ദിഷ്ട പാലക്കാട് റെയിൽ കോച്ച്ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. വി. വിജയദാസ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ചിങ്ങവനത്തെ നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്-കേരളയുടേയും കോട്ടയത്തെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കരുണ മെഡിക്കൽ കോളേജിലെയും അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെയും എം.ബി.ബി.എസ്. അഡ്മിഷൻ റദ്ദ് ചെയ്തത് | മുഖ്യമന്ത്രി |
| 2 | ശ്രീ. രാജു എബ്രഹാം | 'ബ്ലൂ വെയിൽ' ഗെയിം നിരോധനം | മുഖ്യമന്ത്രി |
| 3 | ശ്രീ. പി.സി.ജോർജ് | കോവളം കൊട്ടാരത്തിന്റെ കൈമാറ്റം | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ.വി.അബ്ദുൾ ഖാദർ | വിനായകന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട ക്രൈം ബ്രാഞ്ച് അന്വേഷണം | മുഖ്യമന്ത്രി |
| 5 | ശ്രീ. എം.സ്വരാജ് | ചലച്ചിത്രനയ പ്രഖ്യാപനം | പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ആർ.രാമചന്ദ്രൻ | കല്ലാപ്പന ഗ്രാമപഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം നിർമ്മിച്ച ഹൗസിംഗ് കോളനിയുടെ അവസ്ഥ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി മെഡിക്കൽ കോളേജിന് എം. സി. ഐ. അംഗീകാരം ലഭ്യമാക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ.ജോൺ ഫെർണാണ്ടസ് | സിനിമ- സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. പാറക്കൽ അബ്ദുല്ല | പഴംകുറ്റി മല, ലോകനാർകാവ് ക്ഷേത്രം ടൂറിസം പദ്ധതികൾ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഹൈബി ഈഡൻ | മംഗളവന സംരക്ഷണം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ:</u>

ചട്ടം 47(2) പ്രകാരം കാലതാമസ പത്രിക സഹിതമുള്ള താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സഭയുടെ മേശപ്പുറത്തുവച്ചു.

| നിയമസഭ | സമ്മേളനം | ചോദ്യനമ്പർ |
|---|---|---|
| (1) | (2) | (3) |
| 13 | 10 | 1302 |
| 13 | 11 | 2433, 3857, 7125 |
| 13 | 12 | 2405, 2796,3293 |
| 13 | 15 | 130 |
| 13 | 16 | 201, 1339, 1580 |
| 14 | 1 | 262, 1043, 1053, 1258, 1367, 1623 |
| 14 | 2 | 913, 2192, 2614, 2725, 3120, 4177, 4375, 5168, 5472, 5594, 5662, 6199, 6470, 6656 |

| (1) | (2) | (3) |
|---|---|---|
| 14 | 4 | 43, 46, 93, 123, 164, 189, 199, 211, 391, 422, 430, 603, 796, 828, 1025, 1255, 1357, 1723, 1732, 1879, 1882, 1907, 1927, 1943, 2005, 2030, 2084, 2400, 2824, 3005, 3314, 3334, 3356, 3449, 3496, 3518, 3519, 3792, 3561, 3632, 3649, 4023, 4054, |
| 14 | 5 | 23, 26, 28, 51, 74, 88, 101, 110, 111, 120, 135, 138, 139, 144, 161, 167, 168, 174, 179, 181, 187, 199, 201, 202, 203, 204, 205, 210, 211, 218, 220, 244, 293, 343, 418, 440, 450, 775, 788, 978, 990, 1011, 1025, 1026, 1199, 1200, 1261, 1285, 1288, 1298, 1310, 1340, 1356, 1368, 1384, 1416, 1436, 1440, 1458, 1482, 1502, 1511, 1515, 1519, 1522, 1535, 1536, 1563, 1569, 1571, 1573, 1574, 1582, 1585, 1610, 1620, 1623, 1627, 1686, 1768, 1806, 1851, 1888 ,2187, 2193, 2235, 2272, 2314, 2372, 2437, 2709, 2715, 2735, 2861, 2868, 2870, 2878, 2914, 2919, 2923, 2924, 2970, 2978, 2979, 2999, 3003, 3005, 3172, 3779, 3799, 3859, 3959, 4217, 4497, 4527, 5282, 5475, 5513, 5516, 5536, 5667. |

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) സബ്ജക്ട് കമ്മിറ്റി III—ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(2) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

<u>നിയമനിർമ്മാണ കാര്യം:</u>

1. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവനമേശപ്പുറത്തു വയ്ക്കുകയും ചെയ്തു. ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ടി. തോമസ് ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിച്ചു

ശ്രീ. അൻവർസാദത്ത് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. ടി. ബൽറാം പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.അബ്ദുൽ ഹമീദ് പി. യും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. ചിറ്റയം ഗോപകുമാറും അവതരിപ്പിച്ചു

മുഖ്യമന്ത്രിയുടെ മറുപടിക്ക് ശേഷം നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു തുടർന്ന് ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XIV ന്റെ പരിഗണനയ്ക്ക് അയച്ചു.

[2017 - ലെ പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ ചുമതല മറ്റൊരു മന്ത്രിക്ക് നൽകിയത് ചട്ടപ്രകാരമല്ലെന്ന് ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നം ഉന്നയിച്ചു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി]

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ശ്രീ. സണ്ണി ജോസഫ് ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. സി. ജോർജ് പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. പി. സജീന്ദ്രനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. സി. കെ. ശശീന്ദ്രനും അവതരിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടിക്ക് ശേഷം ഓർഡിനൻസ് നിരാകരണപ്രമേയവും അവതരിപ്പിച്ച ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയച്ചു

3. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2017 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ശ്രീ. ടി. എ. അഹമ്മദ് കബീർ ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു.ശ്രീ. എ. പി. അനിൽകുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഐ. സി. ബാലകൃഷ്ണൻ

പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. ഡി. പ്രസേനനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. റോഷി അഗസ്റ്റിനും അവതരിപ്പിച്ചു സംസാരിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടിക്ക് ശേഷം നിരാകരണപ്രമേയവും അവതരിപ്പിച്ച ഭേദഗതികളും സഭയുടെ അനുമതിയോടെപിൻവലിച്ചു. തുടർന്ന് ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയച്ചു.

2017 ആഗസ്റ്റ് 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.28 - ന് സഭ പിരിഞ്ഞു.

വി.കെ.ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Seventh Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, August 9, 2017*

**No. 82**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Special Mention:*

Special mention was made by the Speaker, on the 75th anniversary of Quit India Movement on August 9 remembering those who lost their lives during the struggle.

*Adjournment Motion:*

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri T. V. Ibrahim and two other Members regarding the serious situation reported to have arisen due to the failure of the Government in controlling the price hike of essential commodities.

In protest against the attitude of the Government in this matter the Members belonging to the opposition staged a walk-out.

*Calling Attention:*

I. Shri K. V. Vijayadas called the attention of the Minister for Public Works and Registration to the necessity to exert pressure on the Central Government to make the proposed Palakkad Railway Coach Factory a reality. The Minister made a statement thereto.

KNPP.1154/2017(ii)

2. Shri Thiruvanchoor Radhakrishnan called the attention of the Minister for Industries, Sports and Youth Affairs to the necessity to take steps to start functioning of the proposed Institute of Sports Science and Applied Research Kerala at Chingavanam and the Rajiv Gandhi Indoor Stadium at Kottayam. The Minister made a statement thereto.

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കരുണ മെഡിക്കൽ കോളേജിലെയും അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെയും എം.ബി.ബി.എസ്. അഡ്മിഷൻ റദ്ദ് ചെയ്തത് | മുഖ്യമന്ത്രി |
| 2 | ശ്രീ. രാജു എബ്രഹാം | 'ബ്ലൂ വെയിൽ' ഗെയിം നിരോധനം | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | കോവളം കൊട്ടാരത്തിന്റെ കൈമാറ്റം | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ.വി.അബ്ദുൾ ഖാദർ | വിനായകന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട ക്രൈം ബ്രാഞ്ച് അന്വേഷണം | മുഖ്യമന്ത്രി |
| 5 | ശ്രീ. എം. സ്വരാജ് | ചലച്ചിത്ര നയപ്രഖ്യാപനം | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആർ.രാമചന്ദ്രൻ | ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം നിർമ്മിച്ച ഹൗസിംഗ് കോളനിയുടെ അവസ്ഥ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി മെഡിക്കൽ കോളേജിന് എം. സി. ഐ. അംഗീകാരം ലഭ്യമാക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ.ജോൺ ഫെർണാണ്ടസ് | സിനിമ- സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 9 | ശ്രീ. പാറക്കൽ അബ്ദുല്ല | പഴംകുറ്റി മല, ലോകനാർകാവ് ക്ഷേത്രം ടൂറിസം പദ്ധതികൾ | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഹൈബി ഈഡൻ | മംഗളവന സംരക്ഷണം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The answers to the following questions together with the statement showing reasons for delay were laid on the Table as per Rule 47 (2):

| നിയമസഭ | സമ്മേളനം | ചോദ്യനമ്പർ |
|---|---|---|
| (1) | (2) | (3) |
| 13 | 10 | 1302 |
| 13 | 11 | 2433, 3857, 7125 |
| 13 | 12 | 2405, 2796,3293 |
| 13 | 15 | 130 |
| 13 | 16 | 201, 1339, 1580 |
| 14 | 1 | 262, 1043, 1053, 1258, 1367, 1623 |
| 14 | 2 | 913, 2192, 2614, 2725, 3120, 4177, 4375, 5168, 5472, 5594, 5662, 6199,6470, 6656 |
| 14 | 4 | 43,46, 93, 123, 164, 189, 199, 211, 391, 422, 430, 603, 796, 828, 1025, 1255, 1357, 1723, 1732, 1879, 1882, 1907, 1927, 1943, 2005, 2030, 2084, 2400, 2824, 3005, 3314, 3334, 3356, 3449, 3496, 3518, 3519, 3792, 3561, 3632, 3649, 4023, 4054, |

| (1) | (2) | (3) |
|---|---|---|
| 14 | 5 | 23, 26, 28, 51, 74, 88, 101, 110, 111, 120, 135, 138, 139, 144, 161, 167,168, 174, 179, 181, 187, 199, 201, 202, 203, 204,205, 210, 211,218, 220, 244, 293, 343, 418, 440, 450, 775, 788, 978, 990, 1011, 1025, 1026, 1199, 1200, 1261, 1285,1288, 1298, 1310, 1340, 1356, 1368, 1384, 1416, 1436, 1440, 1458, 1482, 1502, 1511, 1515, 1519, 1522, 1535, 1536, 1563, 1569, 1571,1573, 1574, 1582, 1585, 1610, 1620, 1623, 1627, 1686, 1768, 1806, 1851, 1888 2187, 2193, 2235, 2272, 2314, 2372, 2437, 2709, 2715, 2735, 2861, 2868, 2870, 2878, 2914, 2919, 2923, 2924, 2970, 2978, 2979, 2999, 3003, 3005, 3172, 3779, 3799, 3859, 3959, 4217, 4497, 4527, 5282, 5475, 5513, 5516, 5536, 5667, |

*Presentation of Reports:*

The following Reports were presented:

(1) The Periodical Report of the Subject Committee III for the year ended March 31, 2017.

(2) The First Report of the Committee on the Welfare of Fishermen and Allied Workers.

*Legislative Business:*

1. Shri Pinarayi Vijayan the Chief Minister introduced the Kerala Public Service Commission (Additional Functions as respects the Services under the Kerala Administrative Tribunal) Bill,2017 and moved that the Bill be referred to Subject Committee. The Chief Minister also laid on the table the statement under Rule 75(1). Shri P. T. Thomas as authorised by Shri K. Muraleedharan moved the ordinance disapproval motion and spoke. Shri V. T. Balram as authorised by Shri Anwar Sadath seconded the motion and spoke. Shri Abdul Hameed. P. moved an amendment to circulate the Bill for eliciting public opinion and Shri Chittayam Gopakumar moved another amendment for referring the Bill to a Select Committee.

After the reply by the Chief Minister the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House. Then the Bill was referred to Subject Committee XIV- Home Affairs.

[Shri V. D. Satheesan raised a point of order that the change made in the Minister in charge of the Kerala Panchayat Raj (Amendment) Bill 2017 was not in order, as per Rule. After reply by the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs, the Speaker ruled that the point of order was not sustainable].

2. Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs introduced the Kerala Panchayat Raj (Amendment ) Bill, 2017 and moved that the Bill be referred to Subject Committee and laid a statement under Rule 75(1). Shri Sunny Joseph moved the ordinance disapproval motion and spoke. Shri P. C. George seconded the motion and spoke. Shri V. P. Sajeendran moved an amendment to circulate the Bill for eliciting public opinion and Shri C. K. Saseendran moved another amendment for referring the Bill to a Select Committee.

After the reply by the Minister the ordinance disapproval motion and the amendments moved were withdrawn by the leave of the House. The Bill was then referred to Subject Committee IX-Local Administration, Rural Development and Housing.

3. Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs introduced the Kerala Municipality (Amendment ) Bill, 2017 and moved that the Bill be referred to Subject Committee and laid a statement under Rule 75(1). Shri T. A. Ahammed Kabeer moved the ordinance disapproval motion and spoke. Shri I. C. Balakrishnan, as authorised by Shri A. P. Anil Kumar seconded the motion and spoke. Shri K. D. Prasenan moved an amendment to circulate the Bill for eliciting public opinion and Shri Roshi Augustine moved another amendment for referring the Bill to a Select Committee.

After the reply by the Minister the ordinance disapproval motion and the amendments moved were withdrawn by the leave of the House. The Bill was then referred to Subject Committee IX– Local Administration, Rural Development and Housing.

The House adjourned at 3.28. p. m. to meet again at 8.30 a. m. on Thursday, August 10, 2017.

V. K. BABU PRAKASH,
*Secretary.*